THIRUVAZHZMKUNNU
DATE......................
KERALA VETERINARY & ANIMAL SCIENCES UNIVERSITY * LIVESTOCK RESEARCH STATION *


# കേരള വെറ്ററിനറി &ആനിമൽ സയൻസസ് യൂണിവേഴ്സിറ്റി
## കന്നുകാലി ഗവേഷണകേന്ദ്രം
### തിരുവാഴാംകുന്ന് (പി.ഒ), പാലക്കാട് – 678 601 കേരള

Email: lrst@kvasu.ac.in ഫോൺ` നം. 04924 296 562


**നമ്പർ. എൽ.5– 823/2024** **തീയതി: 27/07/2024**

## പൊതുലേലം നോട്ടീസ്

ഈ ഗവേഷണ കേന്ദ്രത്തിന്റെ ഫാമിലെ കവുങ്ങുകളിൽ നിന്നുള്ള അടയ്ക്കയുടെ നിശ്ചിതകാലത്തേക്കു വിളവെടുപ്പ് മത്സരാധിഷ്ഠിത പൊതുലേലമായി വിൽപന നടത്തുവാൻ താഴെ പറയുന്ന നിബന്ധനകൾക്കു വിധേയമായി തീരുമാനിച്ചിരിക്കുന്നു. പരസ്യ ലേലത്തിന് പുറമേ മുദ്രണം ചെയ്ത ക്വട്ടേഷനുകളും സ്വീകരിക്കുന്നതാണ്.

| ബ്ലോക്കുകൾ | | തുക്കം/ എണ്ണം (ഏകദേശം) | നിരതദ്രവ്യം |
|---|---|---|---|
| 1 | ബി. &സി. ബ്ലോക്കുകൾ | സ്റ്റേഷനിലെ കണ്ടുകളങ്ങര, പുഴക്കൽ ഭാഗങ്ങളിൽ നിൽക്കുന്ന ഏകദേശ 445 കവുങ്ങുകളിൽ ഉണ്ടാവുന്ന അടക്ക വിളവെടുപ്പ് | 2000/- |
| 2 | ഡി. 1 ബ്ലോക്ക് | സ്റ്റേഷനിലെ ഡാം പരിസര ഭാഗത്ത് നിൽക്കുന്ന ഏകദേശം 1204 കവുങ്ങുകളിൽ ഉണ്ടാവുന്ന അടക്ക വിളവെടുപ്പ് | 5000/- |
| 3 | ഡി 2 ബ്ലോക്ക് | സ്റ്റേഷനിലെ കുടിവെള്ള കിണർ മുതൽ വാഴക്കുളം വരെയുള്ള ഭാഗങ്ങളിൽ നിൽക്കുന്ന ഏകദേശം 1773 കവുങ്ങുകളിൽ ഉണ്ടാവുന്ന അടക്ക വിളവെടുപ്പ് | 5000/- |
| 4 | ഡി 3 ബ്ലോക്ക് | വാഴക്കുളം മുതൽ ഫാം അതിർത്തി വരെയുള്ള ഭാഗങ്ങളിൽ നിൽക്കുന്ന ഏകദേശം 2514 കവുങ്ങുകളിൽ ഉണ്ടാവുന്ന അടക്ക വിളവെടുപ്പ് | 5000/- |

| | | |
|---|---|---|
| വിളവെടുപ്പ് കാലാവധി | : | ലേലം ഉറപ്പിച്ച തീയതി മുതൽ 30.04.2025 വരെ |
| ക്വട്ടേഷൻ സ്വീകരിക്കുന്ന അവസാന തീയതി / സമയം | : | 06/08/2024 രാവിലെ 11.00 |
| പരസ്യ ലേലം നടത്തുന്ന തിയ്യതി/സമയം | : | 06/08/2024 രാവിലെ 11.30 |
| ക്വട്ടേഷൻ തുറക്കുന്ന തീയതി / സമയം | : | **പരസ്യലേലത്തിനു ശേഷം** |

**നിബന്ധനകൾ**

1. **പരസ്യലേലത്തിൽ പങ്കെടുക്കാൻ ആഗ്രഹിക്കുന്നവർ 06/08/2024 11.00 മണിക്ക് മുമ്പായി നിരതദ്രവ്യം അടച്ച് ലേലത്തിന് പേര് രജിസ്റ്റർ ചെയ്ത് ടോക്കൺ കൈപ്പറ്റേണ്ടതാണ്.**
2. നിരതദ്രവ്യം കെട്ടിവച്ചവരെ മാത്രമേ പരസ്യലേലത്തിൽ പങ്കെടുക്കുവാൻ അനുവദിക്കുകയുള്ളു.
3. പരസ്യ ലേലത്തിനു പുറമേ മുദ്രണം ചെയ്ത ക്വട്ടേഷനുകളും സ്വീകരിക്കുന്നതാണ്. പരസ്യലേലത്തിനു ശേഷം ക്വട്ടേഷനുകൾ തുറക്കുന്നതും പരസ്യലേലത്തിന്റെയോ ക്വട്ടേഷന്റെയോ തുകയിൽ ഏതാണോ കൂടുതൽ, ആയതിന് ലേലം ഉറപ്പിക്കുന്നതുമാണ്.
4. വെള്ളക്കടലാസിൽ അക്കത്തിലും അക്ഷരത്തിലും എഴുതിയ ക്വട്ടേഷൻ സ്റ്റേഷൻ മേധാവിയുടെ മേൽവിലാസം മുദ്രണം ചെയ്ത കവറിലാക്കി കവറിനു മുകളിൽ അടക്ക ലേലം എന്നും ഏതു ബ്ലോക്കിനാണ് എന്നും രേഖപ്പെടുത്തി സമർപ്പിക്കേണ്ടതാണ്.

5. ക്വട്ടേഷനോടൊപ്പം ഓരോ ബ്ലോക്കിനും നിശ്ചയിച്ച നിരതദ്രവ്യം പണമായി കെട്ടിവയ്ക്കേണ്ടതാണ്. ഓരോ ബ്ലോക്കിനും പ്രത്യേകം ക്വട്ടേഷൻ സമർപ്പിക്കേണ്ടതാണ്.
6. ക്വട്ടേഷൻ/ലേലം സ്ഥിരീകരിക്കാത്തവരുടെ നിരതദ്രവ്യം അപ്പോൾത്തന്നെ തിരിച്ച് നിൽകുന്നതാണ്. അല്ലാത്തത് ക്വട്ടേഷൻ/ലേല കാലാവധിക്ക് ശേഷമേ തിരിച്ച് നൽകുകയുള്ളൂ.
7. നിശ്ചിത സമയത്തിനു ശേഷം ക്യാമ്പസിൽ അനാവശ്യമായി നില്ക്കാൻ പാടുള്ളതല്ല.
8. ലേലം സ്ഥിരീകരിച്ച് കഴിഞ്ഞാൽ പ്രസ്തുത വ്യക്തി മൊത്തം തുകയുടെ 1/3 ഭാഗം ഉടൻ കെട്ടിവയ്ക്കേണ്ടതും (നിരതദ്രവ്യത്തിനു പുറമെ) ബാക്കി തുക ബാധകമായ നികുതികൾ സഹിതം **പതിനഞ്ച് ദിവസത്തിനകം** അടച്ച് രശീത് വാങ്ങേണ്ടതുമാണ്.
9. ലേലം ഉറപ്പിച്ച കരാർ കാലാവധിയ്ക്ക് ശേഷം നിരതദ്രവ്യ തുകയുടെ രശീത് സഹിതം അപേക്ഷ സമർപ്പിക്കുമ്പോൾ, സർവ്വകലാശാലയ്ക്ക് യാതൊരു നാശനഷ്ടങ്ങളും വരുത്തിയിട്ടില്ലെന്ന് ഉറപ്പുവരുത്തിയ ശേഷം നിരതദ്രവ്യ തുക മടക്കി നൽകുന്നതാണ്.
10. ക്വട്ടേഷൻ / ലേലം സ്ഥിരീകരിച്ച വ്യക്തി 200 രൂപയുടെ സ്വന്തം പേരിൽ വാങ്ങിയ മുദ്രപത്രത്തിൽ ഗവേഷണ കേന്ദ്രം മേധാവിയുമായി ഒരു നഷ്ടോത്തരവാദിത്ത കരാർ ഉറപ്പിക്കേണ്ടതും അതിനുശേഷം മാത്രം അടയ്ക്ക ശേഖരിച്ചു തുടങ്ങേണ്ടതുമാണ്.
11. പ്രസ്തുത ദിവസത്തിനകം തുക പൂർണ്ണമായും അടയ്ക്കാതിരുന്നാൽ പുനർ ലേലം നടത്തുന്നതും ലേലം ഉറപ്പിച്ച വ്യക്തി ആദ്യം അടച്ച തുക സർവ്വകലാശാലയ്ക്ക് മുതൽക്കൂട്ടുന്നതുമാണ്.
12. ക്വട്ടേഷൻ/ലേലം പ്രകാരം വിളവെടുപ്പ് നടത്താവുന്ന കവുങ്ങുകൾ ഓഫീസ് സമയങ്ങളിൽ പ്ലോട്ടിൽ വന്ന് ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ സാന്നിധ്യത്തിൽ പരിശോധിക്കാവുന്നതാണ്.
13. ക്വട്ടേഷൻ/ലേലം സ്ഥിരീകരിച്ച വ്യക്തി ഓഫീസ് സമയങ്ങളിൽ വന്ന് ഓഫീസ് മേധാവിയുടെ/ ബന്ധപ്പെട്ട ഉദ്യോഗസ്ഥന്റെ അറിവോടും സമ്മതത്തോടും കൂടിയേ അടയ്ക്ക ശേഖരിക്കാൻ പാടുള്ളൂ. അനാവശ്യമായി ഫാമിൽ ചുറ്റിക്കറങ്ങാൻ സമ്മതിക്കുന്നതല്ല.
14. ലേലം/ക്വട്ടേഷൻ വ്യവസ്ഥകൾ ലംഘിക്കുന്നവരുടെ നിരതദ്രവ്യം സർവ്വകലാശാലയ്ക്ക് മുതൽക്കൂട്ടുന്നതായിരിക്കും.
15. നിശ്ചിത തീയതിക്കും സമയത്തിനും ശേഷം ലഭിക്കുന്നതും വ്യക്തമല്ലാത്തതുമായ ക്വട്ടേഷനുകൾ നിരസിക്കുന്നതാണ്.
16. യാതൊരു കാരണവും കാണിക്കാതെ തന്നെ ക്വട്ടേഷൻ/ലേലം മാറ്റി വയ്ക്കുന്നതിനോ അസ്ഥിരപ്പെടുത്തുന്നതിനോ ഉള്ള അധികാരം ബന്ധപ്പെട്ട ഉദ്യോഗസ്ഥനിൽ നിക്ഷിപ്തമാണ്.
17. ഏതെങ്കിലും കാരണവശാൽ ലേല ദിവസം അവധിദിനമായി വന്നാൽ തൊട്ടടുത്ത പ്രവൃത്തിദിവസം ലേലം നടത്തുന്നതായിരിക്കും.
18. സർക്കാർ ലേലം/ക്വട്ടേഷന്റെ എല്ലാ വ്യവസ്ഥകളും നിബന്ധനകളും ഈ ക്വട്ടേഷൻ/ലേലത്തിനും ബാധകമാണ്.
19. ലേലസമയത്ത് കാമ്പസിൽ തികഞ്ഞ അച്ചടക്കം പാലിച്ചിരിക്കണം. ലേല സമയത്ത് അനാവശ്യ പ്രശ്നങ്ങൾ ഉണ്ടാക്കുന്നവരുടെ പേരിൽ നിയമ നടപടികൾ സ്വീകരിക്കുന്നതും അവരെ കരിമ്പട്ടികയിൽ ഉൾപ്പെടുത്തുന്നതുമാണ്.

ഒപ്പ്/-
**സ്റ്റേഷൻ മേധാവി**

**സ്വീകർത്താവ് :-**

നോട്ടീസ് ബോർഡ് -ഓഫിസ്/ഡയറി/ഗേറ്റ്/ലോക്കൽ- സർക്കുലേഷൻ
ഗ്രാമപഞ്ചായത്ത് ഓഫീസ് / കോട്ടോപ്പാടം / മണ്ണാർക്കാട് /അലനല്ലൂര്
മൃഗാശുപത്രി, മണ്ണാർക്കാട് / അലനല്ലൂർകൃഷിഭവൻ / കോട്ടോപ്പാടം / മണ്ണാർക്കാട്
വില്ലേജ് ഓഫീസ് – കോട്ടോപ്പാടം / കച്ചേരിപ്പറമ്പ് / അലനല്ലൂർ

**പകർപ്പ് :-**

അസി.പ്രൊഫസർമാർ, സീനിയർ ഫാം സൂപ്പർവൈസർ/ഫാം സൂപ്പർവൈസർ ഗ്രേഡ് II

**//ഉത്തരവിൻ പ്രകാരം//**

**സെക്ഷൻ ഓഫീസർ**